കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം മാസ്റ്റർപ്ലാൻ - 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

**സ.ഉ.(കൈ)നം. 119/2021/തസ്വഭവ** തിരുവനന്തപുരം, തീയതി, 28/06/2021

---

പരാമർശം:-
1. 17/05/2012 ലെ സ.ഉ.(സാധാ) 1376/2012/ തസ്വഭവ
2. ഒറ്റപ്പാലം നഗരസഭാ കൗൺസിലിന്റെ 27/09/2019 - ലെ 35-ാം നമ്പർ യോഗതീരുമാനം
3. മുഖ്യനഗരാസൂത്രകന്റെ 10/11/2020-ലെ റ്റിസിപിസിറ്റിപി/1399/2020-എഫ്2 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം ഒറ്റപ്പാലം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ഭരണാനുമതിയും സാമ്പത്തികാനുമതിയും നഗരാസൂത്രണവകുപ്പിന് നൽകുകയും നഗരാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ നഗരസഭ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയുമുണ്ടായി.

2. കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016-ന്റെ വകുപ്പ് 36(1) പ്രകാരം മാസ്റ്റർപ്ലാൻ സ്വീകരിക്കുന്നതിനും വകുപ്പ് 36(2) പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും പരാമർശം (2) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണാനുമതിയ്ക്കായി മുഖ്യ നഗരാസൂത്രകൻ മുഖേന സർക്കാരിലേക്ക് സമർപ്പിക്കുകയുമുണ്ടായി.

3. 2016 - ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(1), വകുപ്പ് 36(2) എന്നിവ പ്രകാരം മാസ്റ്റർ പ്ലാൻ സ്വീകരിക്കുന്നതിനും അംഗീകരിച്ച് പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും ഉള്ള സമയപരിധി പാലിക്കപ്പെട്ടിട്ടുണ്ട് എന്നും 2016 -

ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3) പ്രകാരം ഒറ്റപ്പാലം മാസ്റ്റർപ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3) പ്രകാരം ഒറ്റപ്പാലം മാസ്റ്റർപ്ലാനിന് പ്രസിദ്ധീകരണ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, പാലക്കാട് (മുഖ്യനഗരാസൂത്രകൻ മുഖേന )
3. സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ.